# 'അപ്പന്റെ അനുഗ്രഹം'

## ഉല്പത്തി 27:38

**''ഏശാവ് പിതാവിനോടു: നിനക്കു ഒരു അനുഗ്രഹം മാത്രമേ ഉള്ളുവോ, അപ്പാ? എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമേ, അപ്പാ എന്നു പറഞ്ഞു പൊട്ടിക്കരഞ്ഞു.''**

''അനുഗ്രഹം'' ഏവർക്കും സന്തോഷം തരുന്ന വാക്ക്. അനുഗ്രഹത്തെ ആഗ്രഹിക്കാത്ത, ഇഷ്ടപ്പെടാത്ത ആരും തന്നെ ഇല്ല. ദൈവത്തിൽ കൂടി നടക്കുന്ന അനുഗ്രഹങ്ങൾക്ക് എന്നും അർത്ഥമുണ്ട്. ആ അനുഗ്രഹത്തിന് ഫലവും ഉണ്ട്.

ഇവിടെ അപ്പന്റെ അനുഗ്രഹം കിട്ടാതെ ഏശാവ് പൊട്ടിക്കരയുന്നു. അവന്റെ സങ്കടം അതിപാരമ്യത്തിലായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. ഉള്ളിലൊതുക്കാൻ വയ്യാത്ത വിഷമം കണ്ണുനീരായി പൊട്ടി പുറത്തേക്ക് ഒഴുകുന്നു. കാരണം ഏശാവ് അപ്പന്റെ അനുഗ്രഹത്തെ ആദരിച്ചു. ആഗ്രഹിച്ചു. ഈ അനുഗ്രഹം തന്റെ മുന്നോട്ടുള്ള ജീവിതത്തിൽ നന്മയായി തീരുമെന്നുള്ള ഉറച്ച വിശ്വാസം ഉണ്ടായിരുന്നു.

മാതാപിതാക്കളുടെ അനുഗ്രഹം മക്കൾക്ക് അനുഗ്രഹമായിത്തീരുന്നതിന്റെ അനേക ദൃഷ്ടാന്തങ്ങൾ നമുക്ക് ദൈവവചനത്തിൽ കാണാം. യാക്കോബ് അന്ത്യകാലത്ത് തന്റെ മക്കളെ അനുഗ്രഹിച്ചു. ദാവീദ് ശാലോമോനെ അനുഗ്രഹിച്ചു. ദേവാലയപണി അനുഗ്രഹമായി പൂർത്തീകരിക്കാൻ അവനു കഴിഞ്ഞു.

ഇവിടെ യിസഹാക്ക്, അനുഗ്രഹിക്കുന്നതിന്റെ വലുപ്പം എത്രയധികം ആയിരുന്നു. തന്റെ സഹോദരനു മേലെ ഒരു പ്രഭുവാക്കി ആണ് ഇവിടെ യാക്കോബിനെ അനുഗ്രഹിച്ചത്. ദൈവത്തിന്റെ നന്മകൾ ചൊരിഞ്ഞുള്ള അനുഗ്രഹം എന്നും നമ്മുടെ സമ്പത്താണ്. യാക്കോബ് പിന്നീട് 'യിസ്രായേൽ' ആയിത്തീർന്ന കാഴ്ച നമ്മെ അതു പഠിപ്പിക്കുന്നു.

ഇന്ന് അനുഗ്രഹം മറ്റു പല വിഷയങ്ങൾക്കാണ്. അനുഗ്രഹത്തിനു പകരം ശാപം ഏറ്റെടുക്കുന്നതായ ഒരു കാലഘട്ടം ആണോ എന്നുപോലും നമ്മെ സംശയിപ്പിക്കുന്നതായ സാഹചര്യം. മാനുഷിക ചിന്താഗതികൾക്ക് സമൂലമായ മാറ്റം വന്നു. മുതിർന്നവരെ സ്നേഹിക്കാനോ, ബഹുമാനിക്കാനോ പറ്റാത്ത അഥവാ മറന്നുപോകുന്ന അവസ്ഥ. അതിന്റെ നടുവിൽ അപ്പന്റെ അനുഗ്രഹത്തിന് എന്തു പ്രസക്തി.

അതേ ദൈവകരങ്ങളിൽ കൂടി, ദൈവത്തിലൂടെ അപ്പന്റെ ഒരുവനിലുള്ള അനുഗ്രഹം തലമുറകളുടെ നന്മക്കും, അഭിവൃദ്ധിക്കും തീർച്ചയായും ഇടയാകും. ദൈവത്തെ അറിയുന്ന

കുഞ്ഞുങ്ങളായി അവർ തീരും. റബേക്കയും ഈ സത്യം മുൻകൂട്ടി കണ്ടുകൊണ്ടാണല്ലോ തന്റെ ഇഷ്ടപുത്രനെ അനുഗ്രഹത്തിനായി ആദ്യം പറഞ്ഞയക്കുന്നത്.

യേശുക്രിസ്തുവിലൂടെ നമുക്ക് ലഭിച്ച അനുഗ്രഹത്തിന്റെ എല്ലാ സ്രോതസ്സും അധികാരത്തോടെ നമ്മുടെ തലമുറകൾക്ക് ഒന്ന് ഉള്ളം തുറന്ന് പകരാം. ഭൗതിക നന്മകൾ മാത്രമല്ല, ദൈവത്തിന്റെ പ്രഭുവായ ഒരു യിസ്രായേൽ തന്നെ ആയിത്തീരാൻ നമ്മുടെ തലമുറകൾക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം. കളങ്കമറ്റ ലോകത്തിന്റെ മദ്ധ്യേ നിലനിൽക്കാൻ തന്റെ അപ്പന്റെ അനുഗ്രഹത്തിനും വില ഉണ്ടെന്ന് മക്കൾ മനസ്സിലാക്കണം, ആഗ്രഹിക്കണം.

തലമുറകളുടെമേൽ അറിയാതെപോലും ഒരു ശാപവാക്ക് വീഴാൻ ഇടയാകരുതേ എന്ന പ്രാർത്ഥനയോടെ നമുക്ക് ആയിരിക്കാം. ഉള്ളം നിറഞ്ഞ സന്തോഷത്തോടെ യിസഹാക്കിനെപ്പോലെ നമുക്കും നമ്മുടെ കുഞ്ഞുങ്ങളെ അനുഗ്രഹിക്കാം. ഭവനത്തിനും സമൂഹത്തിനും സഭയ്ക്കും അവർ ഒരു അനുഗ്രഹപാത്രമായി തീരട്ടെ.

**പരാമർശം :**
**ഉല്പത്തി 48:20**

**'അങ്ങനെ അവൻ അന്ന് അവരെ അനുഗ്രഹിച്ചു. ദൈവം നിന്നെ എഫ്രയീമിനെയും മനശ്ശെയെയുംപോലെ ആക്കുമാറാകട്ടെ എന്ന് യിസ്രായേല്യർ നിന്റെ പേരു ചൊല്ലി അനുഗ്രഹിക്കും എന്നു പറഞ്ഞ് എഫ്രയീമിനെ മനശ്ശെയ്ക്കു മുമ്പാക്കി.'**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 073**